(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നുമുതൽ ആണ് ഈ ലിസ്റ്റ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കാമോ ;

(ഡി) ഈ ലിസ്റ്റിന്റെ കാലാവധി എന്നേയ്ക്ക് അവസാനിയ്ക്കും ;

(ഇ) ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പായി നിലവിലുള്ള മുഴുവൻ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളും ഈ ലിസ്റ്റിൽ നിന്നുതന്നെ നികത്താൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) വിഭാഗത്തിൽ 593 ഒഴിവുകളും, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) വിഭാഗത്തിൽ 110 ഒഴിവുകളും നിലവിലുണ്ട്. ഇതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ വിഭാഗത്തിലെ 46 ഒഴിവുകൾ പി. എസ്. സി മുഖേന നികത്തേണ്ടവയായതിനാൽ യഥാസമയം പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി-ഡി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) വിഭാഗത്തിന്റെ ലിസ്റ്റ് 6/97 മുതൽ നിലവിലുണ്ട്. ഈ ലിസ്റ്റിന്റെ കാലാവധി 6/2000 ൽ അവസാനിക്കും. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) വിഭാഗത്തിന് ലിസ്റ്റ് നിലവിലില്ല.

(ഇ) പി. എസ്. സി. മുഖേന നികത്തേണ്ട ഒഴിവുകളുടെ എണ്ണം യഥാസമയം പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബ്രഹ്മപുരം വൈദ്യുതി പ്രോജക്ടിന്റെ ഉൽപ്പാദനം

98 (1765) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മപുരം വൈദ്യുതി പ്രോജക്ടിന്റെ ഉൽപ്പാദനശേഷി എത്ര മെഗാവാട്ട് ആണെന്ന് വെളിപ്പെടുത്തുമോ ; ഈ പ്രോജക്ടിനു വേണ്ടി നാളിതു വരെ എത്രകോടി രൂപ ചിലവഴിച്ചു ;

(ബി) പ്രസ്തുത പ്രോജക്ടിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നു ;

(സി) ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് എന്തു തുകയാണ് ഉൽപ്പാദന ചെലവ് ?

(ഡി) ഈ പ്രോജക്ട് കെ. എസ്. ഇ. ബി. ക്ക് പ്രതിദിനം എത്ര രൂപയാണ് നഷ്ടം ഉണ്ടാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബ്രഹ്മപുരം വൈദ്യുതി നിലയത്തിന്റെ ഉൽപ്പാദനശേഷി 106.6 മെഗാവാട്ട് ആണ്. ഈ പദ്ധതിക്ക് 1/2000 -ലെ ക്യാഷ് ഫ്ളോ അനുസരിച്ച് 31-3-2000 വരെ 471.26 കോടി രൂപയോളം ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയിൽ നിന്നും ഫെബ്രുവരി മാസം പ്രതിദിനം ശരാശരി 1.68 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

(സി) 80 ശതമാനം പ്ലാന്റ് ലോഡ് ഫാക്ടറിൽ ഈ പദ്ധതിയിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ ഫിക്സട് ചാർജ്ജ് 1.16 രൂപയാണ്. ഇപ്പോഴത്തെ ഇന്ധനവില വച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഇന്ധന ചെലവ് 2.41 രൂപയാണ്. ഒരു യൂണിറ്റിന് ലൂബ്രിക്കേറ്റിംഗ് ഓയിൽ ചിലവ് 1.1 പൈസ വരും. അങ്ങനെ ഒരു യൂണിറ്റിന് നിലവിൽ ആകെ 3.68 രൂപയാകും.

(ഡി) ജലവൈദ്യുത പദ്ധതിയെ അപേക്ഷിച്ച് താപ വൈദ്യുതി ചിലവേറിയതാണ്. ജലവൈദ്യുതിയും താപവൈദ്യുതിയും കേന്ദ്ര വിഹിതവും കൂട്ടി പൂൾചെയ്താണ് വൈദ്യുതി ബോർഡ് വിതരണം നടത്തുന്നത്. അതിനാൽ ബ്രഹ്മപുരം പദ്ധതി കെ. എസ്. ഇ. ബി. യ്ക്ക് നഷ്ടം ഉണ്ടാക്കുന്നു എന്ന് പറയാൻ കഴിയുകയില്ല.

കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസിലെ അഴിമതിയും കൈക്കൂലിയും

99 (1766) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കെ. എസ്. ഇ. ബി. പുത്തൂർ സെക്ഷനാഫീസിലെ അഴിമതിക്കും കൈക്കൂലിക്കും എതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഓഫീസിലെ ഇടനിലക്കാരെയും കൈക്കൂലിക്കാരെയും കണ്ടുപിടിക്കുന്നതിന് പോലീസ് വിജിലൻസിന്റെ സഹായം തേടുമോ ;

(സി) അമിതമായ ക്യാഷ് ഡെപ്പോസിറ്റ് തുക ഉപഭോക്താക്കളിൽ നിന്നും പിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) ഡ്യൂട്ടി സമയത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കാതെ മദ്യപിച്ചു ചീട്ടുകളി നടത്തുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 25-2-2000-ൽ ലഭിച്ച പരാതി ബോർഡിലെ വിജിലൻസ് വിഭാഗം അന്വേഷിക്കുകയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇപ്പോൾ തന്നെ ബോർഡിലെ വിജിലൻസ് വിഭാഗത്തിലെ ഒരു പോലീസ് സബ്-ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പരാതി ലഭിക്കുകയോ ശ്രദ്ധയിൽപ്പെടുകയോ ചെയ്തിട്ടില്ല. ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്താൽ കർശന നടപടി കുറ്റക്കാരുടെ മേൽ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly